**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശസ്വയംഭരണവകുപ്പ് - ഇ.എം.എസ് ഭവന പദ്ധതിയിലെയും ഐ.എ.വൈ ഭവന പദ്ധതിയിലെയും ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിൽ അധികധനസഹായം ലഭ്യമാക്കുന്നതിന് ഹഡ്കോയിൽ നിന്നും 600 കോടി രൂപയുടെ വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(എം.എസ്)നം. 327/12/തസ്വഭവ തിരുവനന്തപുരം, തീയതി. 07/12/2012.

---

പരാമർശം:-(1) 07/11/2009 ലെ സ.ഉ(എം.എസ്)നം.207/2009/തസ്വഭവ

(2) 14/02/2011 ലെ സ.ഉ(എം.എസ്)നം.464/2011/തസ്വഭവ

(3) 27/02/2012 ലെ സ.ഉ(എം.എസ്)നം.52/2012/തസ്വഭവ

(4) 2/1/2012 ലെ സ.ഉ(എം.എസ്)നം.2/2012/തസ്വഭവ

(5) 16/3/12 ലെ സ.ഉ(കൈ)നം.68/2012/തസ്വഭവ

(6) 7.6.12-ൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേമ്പറിൽ നടന്ന യോഗത്തിന്റെ നടപടി കുറിപ്പ്

(7) 18/9/12 ലെ സ.ഉ(എം.എസ്)നം.2627/2012/തസ്വഭവ

## ഉത്തരവ്

സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഭവനരഹിതർക്കും വീട് നൽകുക, ഭൂരഹിത ഭവനരഹിതർക്കും സ്ഥലവും വീടും നൽകുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പാക്കിയ ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയുടെ കാലാവധി 31/3/12-ൽ അവസാനിച്ചിരുന്നു. എന്നാൽ 31/3/12 വരെ കരാറിൽ ഏർപ്പെട്ട പല ഗുണഭോക്താക്കൾക്കും, ഒന്നോ രണ്ടോ ഗഡുക്കൾ മാത്രമേ ധനസഹായം നൽകിയിട്ടുള്ളൂ. മറ്റു ചില ഗുണഭോക്താക്കൾക്ക് മുഴുവൻ ഗഡുക്കളും ധനസഹായമായി അനുവദിക്കേണ്ടതുണ്ട്. 1/4/2011 മുതൽ മുൻകാല പ്രാബല്യം നൽകി പരാമർശം (3) പ്രകാരം ഇ.എം.എസ്. ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് ധനസഹായ തുക വർധിപ്പിച്ച് ഉത്തരവായിരുന്നു. പൊതുവിഭാഗം, എസ്.സി. വിഭാഗം എന്നിവർക്ക് 2 ലക്ഷം രൂപയും എസ്.ടി. വിഭാഗത്തിന് 2.50 ലക്ഷം രൂപയുമാണ് വർദ്ധിപ്പിച്ച നിരക്ക്.

2) ഗ്രാമീണ തലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും ഇതരസമുദായങ്ങളിൽ പ്പെട്ടവർക്കും സൗജന്യമായി വീടുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയായ ഇന്ദിര ആവാസ് യോജന (ഐ.എ.വൈ) യുടേയും ധനസഹായം പരാമർശം (4), (5) എന്നിവ പ്രകാരം വർധിപ്പിച്ചിരുന്നു. ഐ.എ.വൈ യുടെ പദ്ധതിയിൻ കീഴിൽ 2011-12 വർഷത്തിൽ പൂർത്തിയാക്കാൻ കഴിയാത്തതും ബാക്കി തുക നൽകാനുള്ളതുമായ വീടുകളുടെ എണ്ണം 43334 ആണ്. 2012-13-ൽ 59620 വീടുകളാണ് കേന്ദ്രസർക്കാർ ഭൗതിക ലക്ഷ്യമായി നിശ്ചയിച്ചിട്ടുള്ളത്.

3) ഇ.എം.എസ് ഭവന പദ്ധതിയുടേയും, ഐ.എ.വൈ പദ്ധതിയുടേയും വർധിപ്പിച്ച നിരക്കിലുള്ള ധനസഹായ തുക അനുവദിയ്ക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ടില്ലാ എന്നും പദ്ധതി പ്രകാരം സഹകരണ ബാങ്കുകളിൽ നിന്നും നൽകി വരുന്ന വായ്പ മുടങ്ങിയതായും നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി.

4) ഈ സാഹചര്യത്തിൽ ഇ.എം.എസ് ഭവന പദ്ധതി പ്രകാരം വിവിധ ഘട്ടങ്ങളിൽ ഭവനനിർമ്മാണം നടത്തുന്നവർക്കും, 31/3/12 വരെ എഗ്രിമെന്റ് വച്ചവർക്കും പുതുക്കിയ നിരക്കിൽ ധനസഹായം അനുവദിക്കേണ്ടതുകയും ഐഎവൈ പദ്ധതിയിൽ ധനസഹായതുക വർധിപ്പിച്ചതിനെ തുടർന്ന് ഗുണഭോക്താക്കൾക്ക് 2011-12 വർഷത്തിൽ ലഭ്യമാക്കേണ്ട അധിക തുകയും 2012-13 വർഷത്തിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റിന് പുറമേയായി വരുന്ന അധിക ബാധ്യതയിൽ ഒരു വീടിന് 75000/- രൂപ സംസ്ഥാന സർക്കാർ വിഹിതമായി

അനുവദിക്കേണ്ടതുമായ തുകയും സമാഹരിക്കുന്നതിലേയ്ക്കായി സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും സർക്കാർ വായ്പയെടുക്കേണ്ടതുണ്ടെന്ന് ബോധ്യപ്പെടുകയുണ്ടായി.

5) 7/6/12-ൽ ഹഡ്കോ പ്രതിനിധികളുമായി തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നടത്തിയ ചർച്ചയിൽ സർക്കാർ ഗ്യാരന്റി നൽകുകയാണെങ്കിൽ ഇ.എം.എസ് ഭവന പദ്ധതിയുടെ കീഴിൽ ധനസഹായം നൽകുന്നതിനായി വേണ്ടി വരുന്ന തുക 8.75% പലിശ നിരക്കിൽ വായ്പയായി നൽകാൻ തയ്യാറാണെന്ന് ഹഡ്കോ അറിയിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താഴെപറയും പ്രകാരം ഉത്തരവാകുകയും ചെയ്യുന്നു.

i. ഇ.എം.എസ് ഭവന പദ്ധതിയിൻ കീഴിലും ഐഎവൈ പദ്ധതിയിൻ കീഴിലും ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിൽ ധനസഹായം ലഭ്യമാക്കുന്നതിനായി 600 കോടി രൂപ ഹഡ്കോയിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ii ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം വിവിധ ഘട്ടങ്ങളിലായി വീട് നിർമ്മാണം പുരോഗമിക്കുന്നവർക്കും 31/3/2012 നോ അതിനുമുമ്പോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ ഒപ്പിട്ട ഗുണഭോക്താക്കൾക്കും പുതുക്കിയ നിരക്കിൽ ധനസഹായം നൽകുന്നതിലേയ്ക്കായും ഐ.എ.വൈ പദ്ധതി പ്രകാരം അധിക ധനസഹായം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിലേയ്ക്കായും ഉളള ഹഡ്കോ വായ്പയുടെ പലിശ നിരക്ക് 8.75% ആയിരിക്കും

iii 31/3/12 നോ അതിനുമുമ്പോ കരാർ വച്ച് വീട് പണി വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്ന ഇഎം.എസ് ഭവന പദ്ധതി ഗുണഭോക്താക്കൾക്കുളള അധിക ധനസഹായം നൽകുന്നതിനായി ഹഡ്കൊ ലോൺ വഴി ലഭിക്കുന്ന 600 കോടി രൂപയിൽ നിന്നും 400 കോടി രൂപ അനുവദിച്ച് ഉത്തരവാകുന്നു.

iv. ഹഡ്കോ ലോൺ സർക്കാർ ഗ്യാരന്റിയോടെ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് മുഖാന്തിരം എടുക്കുന്നതിന് അനുമതി നൽകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
വി.എസ്.സെന്തിൽ
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
സി.എം.ഡി, ഹഡ്കോ ന്യൂഡെൽഹി
റീജിയണൽ ചീഫ് ഹഡ്കോ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി , ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
സെക്രട്ടറി, ഹൗസിംഗ് വകുപ്പ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്
സെക്രട്ടറി, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
മെമ്പർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
പൊതുഭരണ (എസ്.സി)വകുപ്പ് (05-12-2012 ലെ മന്ത്രിസഭായോഗ തീരുമാനം ഇനം 2717 പ്രകാരം)
ധനകാര്യവകുപ്പ് (22.10.2012 ലെ 83419/ഡെവ. 2/12/ധന & 30.11.2012 ലെ 101654/ഡെവ.2/12/ധന അനൗദ്യോഗിക ഫയലുകൾ പ്രകാരം)
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-1. ധനകാര്യ-ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3. ഗ്രാമവികസനവും നോർക്കയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
4. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
5. ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
6. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
7. ഭവന നിർമ്മാണ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്
8. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
9. തദ്ദേശസ്വയംഭരണ ഡിഎ/ഡിസി/ഡിഡി/എഫ്.എം സെക്ഷനുകൾക്ക്